ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു ധനകാര്യ കമ്മീഷൻ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗത്തിന് സഹായകമായ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) അതിൽ ഇതിനകം എത്തെല്ലാം നടപ്പിലാക്കി ;

(ഡി) ഇനിയും എത്തെല്ലാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം):

(എ) ഉണ്ട്

(ബി) ലാൻറ് റവന്യൂവിൻമേൽ സർചാർജ് ഏർപ്പെടുത്തുക, ഡ്യൂട്ടി ഓൺ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി 5% ആയി ഉയർത്തുക, വസ്തുക്കളുടെ വിൽപ്പന, കൈമാറ്റം എന്നിവയ്ക്ക് കരം ഏർപ്പെടുത്തുക, 3-ാം ഗ്രേഡ് മുനിസിപ്പാലിറ്റികളിലുള്ളതുപോലെ പരസ്യ നികുതി ചുമത്തുക, മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് എല്ലാ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിലേക്കും വ്യാപിപ്പിക്കുക, സ്പെഷ്യൽ ഗ്രേഡിനു താഴെയുള്ള എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണത്തിന് അനുവാദം വേണമെന്ന് വ്യവസ്ഥ ചെയ്ത് 10 രൂപ വീതം ഫീസ് ഈടാക്കുക, റോഡ് പുറമ്പോക്കുകളിൽ ബാങ്കുകൾ സ്ഥാപിച്ച് ലേലം ചെയ്ത് വരുമാനം ഉണ്ടാക്കുക, റോഡുകൾ നന്നാക്കുന്നതിന് വേണ്ടി വാഹന നികുതി പിരിവിൽ നിന്നും പഞ്ചായത്തിന് നൽകുന്ന വിഹിതം 20% ആയി ഉയർത്തുക തുടങ്ങിയവയാണ് പഞ്ചായത്ത് ധനകാര്യ കമ്മിഷന്റെ പ്രധാന നിർദ്ദേശങ്ങൾ.

(സി, ഡി) ശുപാർശകൾ പരിശോധിച്ച് നടപടികൾ എടുക്കാനും നിർദ്ദേശിക്കാനുമായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്

പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് സഹായം

* 18. [18] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് കടലിൽ നിന്നും മൽസ്യം പിടിക്കുന്നതിന് വള്ളവും, വലയും സൗജന്യമായി നൽകുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഫിഷറീസ് മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ആൻറ് (ബി) പൂർണ്ണതോതിൽ സൗജന്യമായി നൽകുന്ന സംവിധാനം നിലവിലില്ല, എൻ. സി. ഡി. ബി പദ്ധതി മുഖേന 40 % സബ്സിഡിയായും 60% വായ്പയായും വള്ളം, വല, ഔട്ട് ബോട്ട് മോട്ടോർ എന്നിവ നൽകിവരുന്നുണ്ട്.

ഫിഷറീസ് യൂണിവേഴ്സിറ്റി

* 19. [19] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുവാനുള്ള എതെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഇല്ല. എന്നാൽ കേന്ദ്ര സർക്കാർ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഫിഷറീസ് യൂണിവേഴ്സിറ്റി കേരളത്തിൽ ആയിരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സെൻട്രൽ ബോർഡ് ഓഫ് ഫിഷറീസിന്റെ സ്റ്റാൻറിംഗ് കമ്മിറ്റി അതിന്റെ 23-7-1983-ലെ മീറ്റിംഗിൽ ഒരു ഫിഷറീസ് യൂണിവേഴ്സിറ്റി രാജ്യത്ത് സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായ വിവരം സംസ്ഥാന ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ഒരു ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നെങ്കിൽ ആയത് കേരളത്തിൽതന്നെ ആയിരിക്കണമെന്ന് 31-10-1983 കേരള മുഖ്യമന്ത്രി കേന്ദ്രകൃഷി മന്ത്രിയോട് കത്തുമുഖേന ആവശ്യപ്പെടുകയുണ്ടായി. ഇതിന് ഉപോൽബലകമായി കേരളത്തിലെ അനുകൂല സാഹചര്യങ്ങൾ വിശദമായി കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. എന്നാൽ ഐ. സി. എ. ആർ–ന്റെ (ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച്) ഫിഷറീസ് മേഖലയിലെ ഏറ്റവും വലിയ സ്ഥാപനമായ ബോംബെയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തെ ഏഴാം പദ്ധതി കാലത്ത് ഒരു ഡീംഡ് ഫിഷറീസ് യൂണിവേഴ്സിറ്റിയായി വികസിപ്പിച്ചെടുക്കാൻ വേണ്ട നടപടികൾ ഐ. സി. എ. ആർ. കൈക്കൊണ്ടുവരികയാണെന്ന് മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. കേരളത്തിലെ മൽസ്യബന്ധന വികസന ബാദ്ധ്യതകളും മറ്റ് അനുകൂല സാഹചര്യങ്ങളും പരിഗണിച്ച് ഒരു ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് കേരളത്തിൽതന്നെ ആയിരിക്കണമെന്ന് വീണ്ടും വീണ്ടും കേന്ദ്രത്തോട് കത്തുമുഖേനയും നേരിട്ടും സമ്മർദ്ദം ചെലുത്തിവരികയാണ്. കേന്ദ്ര ഫിഷറീസ് ബോർഡിന്റെ 14-ാമത് യോഗത്തിൽ (26-9-1986) പങ്കെടുക്കാൻ കേന്ദ്രകൃഷി മന്ത്രി തിരുവനന്തപുരത്ത് എത്തിയപ്പോഴും ഇക്കാര്യം അദ്ദേഹത്തിന്റെ പ്രത്യേകമായ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ അറസ്റ്റു ചെയ്യപ്പെടാനുള്ള പ്രതികൾ

1. [1] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ നടന്ന കൊലപാതകങ്ങളിൽ എത്ര കേസുകളിൽ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട് ;

(ബി) രാഷ്ട്രീയ കൊലപാതങ്ങളിൽ മരണപ്പെട്ടവർ ഏതെല്ലാം പാർട്ടികളിൽപ്പെട്ടവരാണ് ;

(സി) ഓരോ പാർട്ടികളിലും എത്ര പേർ വീതം കൊലചെയ്യപ്പെട്ടിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 114 കേസുകളിലെ പ്രതികളെ അറസ്റ്റുചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly